**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3033** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജലസ്രോതസ്സുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലസ്രോതസ്സുകൾ യഥാസമയം പരിപാലിക്കാതെയും ജനങ്ങളുടെ അതിക്രമത്താലും മറ്റു ഇടപെടലുകളുടെയും ഫലമായും മലിനമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | നദികളിലും മറ്റ് പ്രധാന കൈവഴികളിലും ജലസേചന വകുപ്പ് നിർമ്മിച്ചിട്ടുള്ള വിവിധ നിർമ്മിതികൾക്കടുത്തായി അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനം കാലാകാലങ്ങളിൽ (സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച്) നിർവ്വഹിക്കുന്നു. എന്നാൽ, നഗരവൽക്കരണം, ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ, ഭൂവിനിയോഗത്തിലും, വളങ്ങൾ/കീടനാശിനികൾ എന്നിവ ഉപയോഗിക്കുന്നതിലും വന്ന മാറ്റം എന്നിവ ജലമലിനീകരണത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ ഓടകൾ കൂടുതലും ജലസ്രോതസ്സുകളിലാണ് എത്തിച്ചേരുന്നത് എന്നതുകൊണ്ട് തന്നെ, ശുചീകരിക്കപ്പെട്ട നദീഭാഗങ്ങൾ വളരെ വേഗം തന്നെ വീണ്ടും മലിനീകരിക്കപ്പെടുന്ന പ്രവണതയാണുള്ളത്. ജനപങ്കാളിത്തത്തോടും വകുപ്പുകളുടെ ഏകോപനത്തോടും കൂടി ജലസ്രോതസ്സുകൾ ഒരു പരിധിവരെ മാലിന്യമുക്തമാക്കി സൂക്ഷിക്കുവാൻ സാധിക്കുന്നതാണ്.<br><br>കേരള ജല അതോറിറ്റിയുടെ ശുദ്ധ ജല വിതരണത്തിനായി ഉപയോഗിക്കുന്ന സ്രോതസ്സുകൾ ഏതെങ്കിലും വിധത്തിലുള്ള അതിക്രമങ്ങളുടെയോ ഇടപെടലുകളുടെയോ ഫലമായി മലിനമായാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള പോലീസ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്താറുണ്ട്. |
| (ബി) | ഇത്തരത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന പ്രധാന ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | ഉപയോഗശൂന്യമായി കിടക്കുന്ന പ്രധാന ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ജില്ല തിരിച്ചുള്ള കണക്ക് എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇവയുടെ സംരക്ഷണം-വിനിയോഗം-പരിപാലനം എന്നിവ ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (സി) | ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി" യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തട പ്ലാനുകൾ" തയ്യാറാക്കുകയും അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുദ്ധാരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനൊപ്പം നദികളിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ (തോടുകളിൽ) ചെറുതടയണകൾ/ വെന്റഡ് ക്രോസ് ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയാക്കി ഭൂജലപോഷണം സാധ്യമാക്കുന്നു. കൂടാതെ, നദികൾക്കു കുറുകെയുള്ള പാലങ്ങളിൽ നിന്ന് മാലിന്യം നേരിട്ട് ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി പാലങ്ങളിലെ കൈവരികളോട് ചേർന്ന് കമ്പിവേലി സ്ഥാപിക്കുന്ന പ്രവർത്തനവും ധനലഭ്യതയനുസരിച്ച് നിർവഹിച്ചുവരുന്നു. ഇതിനോടൊപ്പം ജലസേചന നിർമ്മിതികളായ ഡാമുകൾ/ തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയ്ക്കു സമീപം അടിഞ്ഞുകൂടിയ ചളി/ എക്കൽ/ മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുക എന്നീ പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ, NGT ഉത്തരവു പ്രകാരം, മലിനീകരിക്കപ്പെട്ട നദീ ഭാഗങ്ങൾ കണ്ടെത്തി മലിനീകരണനിയന്ത്രണത്തിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേരള വാട്ടർ അതോറിറ്റിയിൽ കെ.ആർ.ഡബ്ല്യ.എസ്സ്.എ യുടെ നേതൃത്വത്തിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം മുതൽ "മഴവെള്ള സംഭരണം ഭൂജല പരിപോഷണം" പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന മലയോര, തീരദേശ, പിന്നോക്ക ഗ്രാമ പഞ്ചായത്തുകളെ പ്രത്യേകം തയ്യാറാക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നു. ഇതുമൂലം ഭൂഗർഭ ജലവിതാനം മെച്ചപ്പെടുത്തൻ സാധിക്കും. ജലനിധി പദ്ധതിയിൽ ഭൂജല പരിപോഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. സാമൂഹിക ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികൾ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളവ കണ്ടെത്തി സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി (സുസ്ഥിരതാ |

| | | | |
|---|---|---|---|
| | | | പദ്ധതി) പ്രവർത്തന സജ്ജമാക്കുന്നുണ്ട്. ഇത്തരം പദ്ധതികളിൽ സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സാധ്യമായ സ്ഥലങ്ങളിൽ ഭൂജല സംപോഷണ മാർഗ്ഗങ്ങളായ ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ റീചാർജ്ജ്, മഴക്കുഴികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. മഴക്കാലത്ത് സംഭരണികളിൽ അധികമായി എത്തുന്ന മഴവെള്ളം ഗാർഹിക ഗാർഹികേതര ആവശ്യങ്ങൾക്ക് യഥേഷ്ടം ഉപയോഗിക്കുവാൻ സാധിക്കുന്നു. വേനൽ മാസങ്ങളിൽ മഴക്കാലത്ത് സംഭരിച്ച് സൂക്ഷിച്ചു വയ്ക്കുന്ന മഴവെള്ളം ചിട്ടയോടെ ഉപയോഗിക്കുന്നതിലൂടെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാനും സാധിക്കുന്നു. വ്യക്തിഗത കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീ ചാർജ്ജ് ചെയ്തും, കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തി അവയെ പുനരുദ്ധരിച്ച് സ്ഥായിയായ ജലസ്രോതസ്സുകളാക്കി മാറ്റിയും ജല വിതാനത്തെ മെച്ചപ്പെടുത്തുന്നതിനു സാധിക്കുന്നു .<br><br>ജലനിധി പദ്ധതികളുടെ സ്രോതസ്സുകളിൽ ഇത്തരം മലിനീകരണം ശ്രദ്ധയിൽപെട്ടിട്ടില്ല. ജലനിധി പദ്ധതികൾ നടപ്പിലാക്കിയപ്പോൾ തന്നെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും മാലിന്യ മുക്തമാക്കുന്നതിനും യുക്തി സഹമായ വിനിയോഗത്തിനും ഉള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടുണ്ട്. ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികളുടെ ചുമതലയിലാണ് നടക്കുന്നത്. |
| (ഡി) | ജലസ്രോതസ്സുകളെ നശിപ്പിക്കുന്നവരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ; | (ഡി) | ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരെ നടപടിയെടുവാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഒപ്പം കേരളാ വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം പുഴകൾ മലിനീകരിക്കുന്നവർക്കെതിരെ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി നൽകുകയും, പോലീസ് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കുടിവെള്ള വിതരണത്തിനായി ഉപയോഗപ്പെടുത്തുന്ന ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കേരള പോലീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് തുടങ്ങിയവരെ യഥാസമയം വിവരമറിയിക്കാറുണ്ട്. പുതിയ കർമ്മപദ്ധതി രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | ഇതിനായി റവന്യൂ-പഞ്ചായത്ത് വകുപ്പുകളുടെ സേവനം ആവശ്യപ്പെട്ടിട്ടുണ്ടോ; പുതിയ കർമ്മപദ്ധതി | (ഇ) | ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരെ നടപടിയെടുവാനുള്ള അധികാരം തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | | സ്ഥാപനങ്ങൾക്കാണ്. ഒപ്പം കേരളാ വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം പുഴകൾ മലിനീകരിക്കുന്നവർക്കെതിരെ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി നൽകുകയും, പോലീസ് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കുടിവെള്ള വിതരണത്തിനായി ഉപയോഗപ്പെടുത്തുന്ന ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കേരള പോലീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് തുടങ്ങിയവരെ യഥാസമയം വിവരമറിയിക്കാറുണ്ട്. പുതിയ കർമ്മപദ്ധതി രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ